"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- എഞ്ചിനീയറിങ് വിഭാഗം- തൃശ്ശൂർ ജില്ല- കൊടുങ്ങല്ലൂർ, കുന്നംകുളം, ചാവക്കാട് മുനിസിപ്പാലിറ്റികളിലെ വിജിലൻസ് മിന്നൽ പരിശോധന- ബിൽഡിംഗ് പെർമിറ്റിലെ ക്രമക്കേടുകളിൽ ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.886/2026/LSGD തീയതി,തിരുവനന്തപുരം, 17-04-2026

---

പരാമർശം:-

1. വിജിലൻസ് (D) വകുപ്പിൽ നിന്നുള്ള 24.04.2015-ലെ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 02.02.2015-ലെ E8(SC 112/2014/TSR) 24457/2014 നമ്പർ റിപ്പോർട്ട്.
3. 15.06.23-ലെ 174/EWA4/22/LSGD നമ്പർ കുറ്റപത്രവും /കുറ്റാരോപണ പത്രികയും.
4. അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി നീതുഗോപാൽ 24.05.24-ലും, ശ്രീമതി അമ്പിളി ഐ.ബി. 18.05.24-ലും, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീമതി ശ്രീദേവി വേലായുധൻ 26.12.23-ലും ലഭ്യമാക്കിയ എതിർവാദ പത്രിക.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03-05-2025-ലെ LSGD/PD/42643/2023-VIG C5 നമ്പർ അഭിപ്രായ റിപ്പോർട്ട് .

**ഉത്തരവ്**

പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, കുന്നംകുളം, ചാവക്കാട് മുനിസിപ്പാലിറ്റികളിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് പരാമർശം (2) റിപ്പോർട്ട് പ്രകാരം ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. കെട്ടിട നിർമ്മാണ് പെർമിറ്റുകൾ അനുവദിയ്ക്കുന്നതിലെ കാലതാമസം, ഓഫീസ് രേഖകൾ കൃത്യമായി സൂക്ഷിയ്ക്കാതിരിയ്ക്കുക, കെട്ടിട നിർമ്മാണ ചട്ടലംഘനങ്ങളുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിയ്ക്കുക എന്നിവയൊക്കെയായിരുന്ന പ്രധാന ക്രമക്കേടുകൾ.

2. ചാവക്കാട് മുനിസിപ്പാലിറ്റിയിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബേസിൽമാത്യു, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി നീതു ഗോപാൽ, ശ്രീമതി അമ്പിളി ഐ.ബി. എന്നിവർക്കെതിരേയും കുന്നംകുളം മുനിസിപ്പാലിറ്റിയിലെ ക്രമകേടുകൾക്ക് ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീമതി ശ്രീദേവി

വേലായുധനെതിരെയും KCS(CCA)Rules 1960-യിലെ റൂൾ 16 പ്രകാരം ലഘു ശിക്ഷയ്ക്കുള്ള, പരാമർശം (3) കുറ്റപത്രം നൽകിയിരുന്നു.

3. Cash Declaration Register കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താതിരുന്നതിനുള്ള കുറ്റം ചുമത്തി **ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി ശ്രീദേവി വേലായുധന് നൽകിയ കുറ്റപത്രത്തിന് മറുപടിയായി സമർപ്പിച്ച പ്രതിവാദപത്രികയിൽ** 11.10.2011 മുതൽ 02/06/2014 വരെയുള്ള കാലഘട്ടത്തിലാണ് കുന്നംകുളം നഗരസഭയിൽ സെക്കന്റ് ഗ്രേഡ് ഓവർസിയറായി ജോലി ചെയ്തിരുന്നതെന്നും മേൽ BA ഫയൽ പരിശോധിച്ചതിൽ ഈ ഡിവിഷൻ ടിയാളുടെ പരിധിയിൽ ആയിരുന്നില്ലായെന്നും BA No.154/13-14 നമ്പർ ഫയൽ ടിയാൾ കൈകാര്യം ചെയ്തിട്ടില്ലായെന്നും ഹോസ്റ്റലിൽ താമസിച്ച വന്നതിനാൽ കാൽനടയായാണ് ഓഫീസിൽ എത്തിയിരുന്നതെന്നും ആയതിനാൽ സാധാരണയായി കൈയ്യിൽ പൈസ സൂക്ഷിക്കാറുണ്ടായിരുന്നില്ല എന്നും പൈസ കൈയ്യിൽ സൂക്ഷിക്കാത്ത സാഹചര്യത്തിൽ രജിസ്റ്ററിൽ ചേർക്കേണ്ടതില്ല എന്ന ധാരണയിൽ രജിസ്റ്ററിൽ ചേർത്തിരുന്നില്ലായെന്നും ആയത് അറിവില്ലായ്മ മൂലമാണ് എന്നും ടിയാൾ അറിയിച്ചു.

കെട്ടിട നിർമ്മാണ ചട്ട ലംഘനങ്ങളുടെ പേരിൽ നൽകിയ കുറ്റപത്രത്തിന് അസി.എഞ്ചിനീയർ **ശ്രീമതി അമ്പിളി ഐ.ബി. സമർപ്പിച്ച പ്രതിവാദപത്രികയിൽ** ചാവക്കാട് നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചത് 2.05.2011-ലാണെന്നും ടിയാൾ ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് 21.04.2010-ലാണ് കുറ്റാരോപിതമായ ഫയലിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും അന്നുണ്ടായിരുന്ന ഫസ്റ്റ് ഗ്രേഡ് ഓവർസിയറുടെ ശിപാർശ പ്രകാരം മുൻസിപ്പൽ എഞ്ചിനീയറാണ് 22.07.2010-ൽ പെർമിറ്റ് നൽകിയിട്ടുള്ളതെന്നും പെർമിറ്റ് അനുവദിച്ചതിനു ശേഷം നൽകിയിരുന്ന Ground Floor+First Floor അനുമതി മാറ്റി Basement floor+Ground Floor+First Floor+ Second Floor and Stair room ആക്കി റിവൈസ്ഡ് പെർമിറ്റിനായി 11.10.2010-ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയും അന്നുണ്ടായിരുന്ന സെക്കൻഡ് ഗ്രേഡ് ഓവർസിയർ പരിശോധിച്ച ശിപാർശ ചെയ്തതിനെ തുടർന്ന് 26.05.2011-ൽ മുൻസിപ്പൽ എഞ്ചിനീയർ റിവൈസ്ഡ് പെർമിറ്റ് നൽകിയെന്നും ടിയാൾ അറിയിച്ചു.

കെട്ടിട നിർമ്മാണ ചട്ട ലംഘനങ്ങളുടെ പേരിൽ നൽകിയ കുറ്റപത്രത്തിന് **ശ്രീമതി നീതു ഗോപാൽ സമർപ്പിച്ച പ്രതിവാദപത്രികയിൽ** 2013 മാർച്ച് 18-ലാണ് ചാവക്കാട് നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലിയിൽ പ്രവേശിച്ചതെന്നും മെമ്മോയിൽ E2-6501/2008 ഫയൽ നമ്പർ മാത്രമാണ് നൽകിയിട്ടുള്ളതെന്നും ഫയൽ സംബന്ധിച്ച BA നമ്പറോ വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരോ നല്കിയിട്ടില്ലായെന്നും പരിശോധനയ്ക്കായി ടി ഫയൽ ലഭിച്ചിട്ടില്ലായെന്നും ടിയാൾ അറിയിച്ചു.

4. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിന്മേലുള്ള തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ, പരാമർശം (5) പ്രകാരമുള്ള അഭിപ്രായ റിപ്പോർ ട്ടിൽ കുറ്റാരോപിതരായ ജീവനക്കാരുടെ സർവീസ് കാലയളവിലല്ല പ്രസ്തുത പെർമിറ്റ് അനുവദിച്ചതെന്ന് കാണുന്നതായും ആയതിനാൽ ടി ജീവനക്കാരുടെ വിശദീകരണം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും, അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ബേസിൽ മാത്യുവിന് നൽകിയ കുറ്റപത്രത്തിന് ടിയാൻ മറുപടി

ലഭ്യമാക്കിയിട്ടില്ലയെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

5. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതർ (അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ബേസിൽ മാത്യുവിന്റേത് ഒഴികെ) സമർപ്പിച്ച പ്രതിവാദപത്രിക, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. Cash Declaration Register-ൽ കൈവശമുള്ള തുക രേഖപ്പെടുത്തിയിട്ടില്ലായെന്ന ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീമതി ശ്രീദേവി വേലായുധനെതിരായ ആരോപണത്തിൽ കാൽനടയായാണ് ഓഫീസിൽ എത്തിയിരുന്നതെന്നും ആയതിനാൽ സാധാരണയായി കൈയ്യിൽ പൈസ സൂക്ഷിക്കാറില്ലായെന്നും അറിവില്ലായ്മ മൂലമാണ് എന്നുള്ള വിശദീകരണവും കുറ്റാരോപിതരായ ജീവനക്കാരുടെ സർവീസ് കാലയളവിലല്ല പെർമിറ്റ് അനുവദിച്ചതെന്നും ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി നീതു ഗോപാൽ, ശ്രീമതി അമ്പിളി ഐ.ബി. എന്നിവരുടെ വിശദീകരണം പരിഗണിക്കാവുന്നതാണെന്ന പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായവും അംഗീകരിക്കുന്നു. അപേക്ഷകർക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിലുള്ള കാലതാമസവും ഓഫീസ് റെക്കോർഡുകൾ കൃത്യമായി പരിപാലിക്കുന്നില്ല എന്നതുമാണ് അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ബേസിൽ മാത്യുവിനെതിരായ ആരോപണം. ആയതിന് ടിയാൻ സമയബന്ധിതമായി പ്രതിവാദപത്രിക സമർപ്പിച്ചിട്ടില്ല. ആയതിൽ നിന്നും ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്നും വിജിലൻസ് കണ്ടെത്തലിനെ ശരി വെയ്ക്കാവുന്നതാണെന്നും കാണുന്നു. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ.ബേസിൽ മാത്യു, ശ്രീമതി നീതു ഗോപാൽ, ശ്രീമതി അമ്പിളി ഐ.ബി., ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീമതി ശ്രീദേവി വേലായുധൻ എന്നിവർക്കെതിരെ KCS(CCA) Rules 1960-യിലെ റൂൾ 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി നീതു ഗോപാൽ, ശ്രീമതി അമ്പിളി ഐ.ബി, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീമതി ശ്രീദേവി വേലായുധൻ എന്നിവരുടെ വിശദീകരണം പരിഗണിച്ച് കുറ്റാരോപണത്തിൽ നിന്ന് ടിയാളുകളെ കുറ്റവിമുക്തരാക്കിയും, അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ബേസിൽ മാത്യുവിന് നൽകിയ കുറ്റപത്രത്തിന് ടിയാൻ സമയബന്ധിതമായി പ്രതിവാദപത്രിക സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ KCS(CCA) Rules 1960 പ്രകാരമുള്ള ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബേസിൽ മാത്യുവിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് താത്ക്കാലികമായി തടയുക എന്ന ശിക്ഷനല്കിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ.ബേസിൽ മാത്യു,അസിസ്റ്റന്റ് എഞ്ചിനിയർ
2. ശ്രീമതി നീതു ഗോപാൽ, അസിസ്റ്റന്റ് എഞ്ചിനിയർ, കോലാഴി ഗ്രാമ പഞ്ചായത്ത്

3. ശ്രീമതി അമ്പിളി ഐ.ബി (PEN:496841), അസിസ്റ്റന്റ് എഞ്ചിനിയർ പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്
4. ശ്രീമതി ശ്രീദേവി വേലായുധൻ, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

**(1-4 തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവ്വ പ്രകാരമുള്ള തുടർനടപടിയ്ക്കായി)**
6. **വിജിലൻസ് (D) വകുപ്പ്**
7. വിജിലൻസ് (F) വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 03.01.2026 ലെ VIG-F1/237/2024-VIG നമ്പർ കുറിപ്പ് പ്രകാരം ).
8. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം (02.02.2015 ലെ E8(SC 112/2014/TSR) 24457/2014 നമ്പർ റിപ്പോർട്ട് പ്രകാരം )
9. തദ്ദേശ സ്വയം ഭരണ(EWB) വകുപ്പ്(DPC List സംബന്ധിച്ച നടപടിയ്ക്കായി)
10. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
11. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
12. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 18-04-2026 10:33:16
സെക്ഷൻ ഓഫീസർ